കേരള സർക്കാർ

തദ്ദേശ സ്വയംഭരണ വകുപ്പ്-മുനിസിപ്പൽ/കോർപ്പറേഷൻ കണ്ടിജന്റ് വിഭാഗം സി.എൽ ആർ ജീവനക്കാരുടെ ദിവസവേതനം 600/-രൂപയായി നിശ്ചയിച്ച് കൊണ്ട്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധാ)നം. 2242/2016/തസ്വഭവ.  തീയതി: 26/07/2016, തിരുവനന്തപുരം.

---

പരാമർശം : 1) 20/02/2016 ലെ സ.ഉ(പി)നം.28/2016/ധനം.
2) നഗരകാര്യ ഡയറക്ടറുടെ 06/05/2016 ലെ ഇ 2/21259/2015 നം.കത്ത്.

## ഉത്തരവ്

കേരളത്തിലെ മുനിസിപ്പൽ/കോർപ്പറേഷൻ കണ്ടിജന്റ് വിഭാഗം സി.എൽ.ആർ ജീവനക്കാരുടെ ദിവസവേതനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്,പരാമർശത്തിലെ സർക്കാർ ഉത്തരവ് ടി വിഭാഗം ജീവനക്കാർക്കും ബാധകമാക്കാവുന്നതാണെന്ന് പരാമർശം(2) പ്രകാരം നഗരകാര്യ ഡയരക്ടർ ശിപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശത്തിലെ സർക്കാർ ഉത്തരവിൽ നിശ്ചയിച്ചിട്ടുള്ള പ്രകാരം കേരളത്തിലെ മുനിസിപ്പൽ/കോർപ്പറേഷൻ കണ്ടിജന്റ് വിഭാഗം സി.എൽ. ആർ ജീവനക്കാരുടെ ദിവസ വേതനം 600/-രൂപയായി നിശ്ചയിച്ച് കൊണ്ട് ഉത്തരവാകുന്നു.

പ്രസ്തുത നിരക്ക് വർദ്ധനവിന് ഉത്തരവ് തീയതി മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

ഇതിലേയ്ക്കാവശ്യമായ തുക അതാത് നഗരസഭയുടെ തനത് ഫണ്ടിൽനിന്ന് വഹിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ബിനുകുമാർ.വി

അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം .
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എല്ലാ കോർപ്പറേഷൻ/നഗരസഭാ സെക്രട്ടറിമാർക്കും(നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
ഡയറക്ടർ,ഇൻഫർമേഷൻ കേരള മിഷൻ ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.